രക്ഷയുടെ പാതയിൽ-7



7

# ഈശോയുടെ പ്രബോധനങ്ങൾ

## സീറോ മലബാർ സഭയുടെ വിശ്വാസ പരിശീലന പാഠാവലി

## ഉള്ളടക്കം

1. നിത്യജീവൻ പ്രാപിക്കാൻ
2. കർത്താവായ ദൈവം
3. ദൈവനാമം ആരാധ്യനാമം
4. കർത്താവിന്റെ ദിവസം
5. മാതാപിതാക്കളെ ബഹുമാനിക്കണം
6. ജീവൻ ദൈവദാനം
7. ലൈംഗിക വിശുദ്ധി
8. മോഷ്ടിക്കരുത്
9. സത്യം പറയുക
10. ദാമ്പത്യവിശുദ്ധി പാലിക്കുക
11. അവകാശമില്ലാത്തത് ആഗ്രഹിക്കരുത്
12. ശ്രേഷ്ഠമായ കല്പന
13. തിരുസഭയുടെ കല്പനകൾ
14. മനഃസാക്ഷി രൂപീകരണം
15. സുവിശേഷ ഭാഗ്യങ്ങൾ

പാഠം 15

# സുവിശേഷഭാഗ്യങ്ങൾ



ഈശോയുടെ ജീവിതത്തെക്കുറിച്ച് വിശദമായി പ്രതിപാദിക്കുന്നവയാണ് സുവിശേഷങ്ങൾ.



1. ക്രിസ്തുശിഷ്യന്റെ സൗഭാഗ്യങ്ങൾ
2. ക്രിസ്തുശിഷ്യന്റെ രൂപഭാവങ്ങൾ
3. യഥാർത്ഥ ക്രിസ്തുശിഷ്യനാകാൻ

# ക്രിസ്തുശിഷ്യന്റെ സൗഭാഗ്യങ്ങൾ

1. ആത്മാവിൽ ദരിദ്രർ ഭാഗ്യവാന്മാർ; സ്വർഗ്ഗരാജ്യം അവരുടേതാണ്.
2. വിലപിക്കുന്നവർ ഭാഗ്യവാന്മാർ; അവർ ആശ്വസിപ്പിക്കപ്പെടും.
3. ശാന്തശീലർ ഭാഗ്യവാന്മാർ; അവർ ഭൂമിയെ അവകാശമാക്കും.
4. നീതിക്കുവേി വിശക്കുകയും ദാഹിക്കുകയും ചെയ്യുന്നവർ ഭാഗ്യവാന്മാർ; അവർക്കു സംതൃപ്തി ലഭിക്കും.
5. കരുണയുള്ളവർ ഭാഗ്യവാന്മാർ; അവർക്കു കരുണ ലഭിക്കും.
6. ഹൃദയശുദ്ധിയുള്ളവർ ഭാഗ്യവാന്മാർ; അവർ ദൈവത്തെ കാണും.
7. സമാധാനം സ്ഥാപിക്കുന്നവർ ഭാഗ്യവാന്മാർ; അവർ ദൈവപുത്രന്മാരെന്നു വിളിക്കപ്പെടും.
8. നീതിക്കുവേി പീഡനം ഏൽക്കുന്നവർ ഭാഗ്യവാന്മാർ; സ്വർഗ്ഗരാജ്യം അവരുടേതാണ് (മത്താ 5: 3.10).

# ക്രിസ്തുശിഷ്യന്റെ രൂപഭാവങ്ങൾ

- ക്രിസ്തുശിഷ്യർ ഭൂമിയുടെ ഉപ്പും ലോകത്തിന്റെ പ്രകാശവുമാണെന്ന് അവിടുന്ന് ഉദ്ബോധിപ്പിച്ചു. ക്രൈസ്തവർ ലോകത്തിനു മുഴുവൻ രുചിയും വെളിച്ചവും നൽകുന്നവരാകണമെന്നാണ് ഇത് അർത്ഥമാക്കുന്നത്. ഭൂമിയുടെ ഉപ്പും ലോകത്തിന്റെ പ്രകാശവുമായിത്തീരുവാൻ ദൈവപ്രമാണങ്ങൾ പാലിച്ചു ജീവിക്കണമെന്നും ഈശോ നിഷ്കർഷിച്ചു. ദൈവപരിപാലനയിൽ ആശ്രയിച്ചു ജീവിക്കുന്നവനാണ് ക്രിസ്തുശിഷ്യൻ.

# യഥാർത്ഥ ക്രിസ്തുശിഷ്യനാകാൻ

- കർത്താവേ, കർത്താവേ എന്നോട് വിളിച്ചപേക്ഷിക്കുന്നവനല്ല, എന്റെ സ്വർഗ്ഗസ്ഥനായ പിതാവിന്റെ ഇഷ്ടം നിറവേററുന്നവനാണ് സ്വർഗ രാജ്യത്തിൽ പ്രവേശിക്കുക (മത്താ. 7:21).
- ഈശോയുടെ യഥാർത്ഥ ശിഷ്യരായിത്തീരാൻ നാം ഈശോയിൽ വിശ്വസിച്ചാൽ മാത്രം പോര, മറിച്ച് ദൈവഹിതമറിഞ്ഞ് അതനുസരിച്ച് പ്രവർത്തിക്കുന്നവർ കൂടി ആകണമെന്ന് ഈശോ ആഗ്രഹിക്കുന്നു.



# നമുക്കു പ്രാർത്ഥിക്കാം

**രക്ഷയുടെ മാർഗ്ഗം ഞങ്ങളെ പഠിപ്പിച്ച കർത്താവേ,**
**അങ്ങയുടെ വചനം ശ്രവിച്ച് അവയനുസരിച്ചു ജീവിച്ചുകൊ്**
**സ്വർഗ്ഗരാജ്യം സ്വന്തമാക്കുവാൻ ഞങ്ങളെ സഹായിക്കണമേ.**

# നമുക്കു പാടാം

(കാക്കണമലിവോടു...)



വചനം കേട്ടുനടക്കുന്നോർ
ദൈവഹിതം നിറവേററുന്നോർ
ദൈവികസ്നേഹത്തികവിലവർ
വിശ്വത്തിന്റെ വെളിച്ചമതാം (2)

മലമേലരുളീ തിരുനാഥൻ
സുവിശേഷത്തിൻ ഭാഗ്യങ്ങൾ
അതുജീവിക്കും ക്രൈസ്തവനോ
ദൈവിക മഹിമയെ വെളിവാക്കും(2)

ദൈവത്തിൻ തിരുവചനമതിൽ
പണിതീർക്കുന്നൊരു ഭവനമതോ
പാപത്തിരയടിയേശാതെ
തകരാതെന്നും നിലനിൽക്കും (2)

ദൈവവചനം വായിക്കാം;

വിവരിക്കാം

(മത്താ .7:21-28)



# വഴി കാട്ടാനൊരു തിരുവചനം

എന്റെ പിതാവിന്റെ ഇഷ്ടം നിറവേററുന്നവനാണ്
സ്വർഗരാജ്യത്തിൽ പ്രവേശിക്കുക
(മത്താ. 7:21).

# എന്റെ തീരുമാനം

ഈശോയുടെ വചനമനുസരിച്ച് ഞാൻ ജീവിക്കും.

Thank you